REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 26-11-2024** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- രാജ്യത്തെ പൗരന്മാരുടെ ജീവിതം സുഖകരമാക്കേണ്ടത് നിയമ നിർമ്മാണ - ഭരണ നിർവഹണ - നീതിന്യായ സംവിധാനങ്ങളുടെ കൂട്ടായ കർത്തവ്യമാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.
- സുപ്രീം കോടതിയിലെ ഭരണഘടനാ ദിനാഘോഷ പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി വൈകിട്ട് പങ്കെടുക്കും.
- ലോക രാഷ്ട്രീയ നേതൃ സ്ഥാനത്തേക്ക് ഉയരാൻ ഇന്ത്യയെ സഹായിച്ചത് ശക്തമായ ഭരണഘടനയാണെന്ന് സുപ്രീംകോടതി ചീഫ് ജസ്റ്റിസ്, ജസ്റ്റിസ് സഞ്ജീവ് ഖന്ന.
- നാട്ടിക ലോറി അപകടത്തിൽ ഗതാഗത കമ്മീഷണറുടെ പ്രാഥമിക റിപ്പോർട്ട് ലഭിച്ചെന്നും വാഹനത്തിന്റെ രജിസ്ട്രേഷൻ റദ്ദാക്കുമെന്നും മന്ത്രി KB ഗണേഷ്കുമാർ.
- കോട്ടയത്ത് അക്ഷരം മ്യൂസിയത്തിന്റെ ഒന്നാം ഘട്ടം ഉച്ചകഴിഞ്ഞ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

## വാർത്തകൾ വിശദമായി

രാജ്യത്തെ പൗരന്മാരുടെ ജീവിതം സുഖകരമാക്കേണ്ടത് നിയമ നിർമ്മാണ - ഭരണ നിർവഹണ - നീതിന്യായ സംവിധാനങ്ങളുടെ കൂട്ടായ കർത്തവ്യമാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു. ഭരണഘടയുടെ അന്തഃസത്ത ഉൾക്കൊണ്ട്, കർത്തവ്യ നിർവഹണത്തിലും 2047 ഓടെ വികസിത രാഷ്ട്രമായി ഇന്ത്യയെ

മാറ്റുന്ന ശ്രമങ്ങളിലും പങ്കാളികളാകാൻ അവർ ജനങ്ങളെ ആഹ്വാനം ചെയ്തു. സാമൂഹ്യ നീതിയ്ക്കും, സമഗ്ര വികസനത്തിനും ഭരണഘടനയിലെ നിർദ്ദേശങ്ങളും വ്യവസ്ഥകളും സുപ്രധാനമാണെന്ന് അവർ അഭിപ്രായപ്പെട്ടു.

.....(വോയ്സ്).......

സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെയും, പ്രത്യേകിച്ച് ദുർബല വിഭാഗങ്ങളുടെ ക്ഷേമത്തിനും, വികസനത്തിനും ഗവൺമെന്റ് നിരവധി നടപടികൾ എടുത്തിട്ടുണ്ട്. പാവപ്പെട്ടവർക്ക് മികച്ച സൗകര്യങ്ങളോടുകൂടിയ സ്വന്തം വീടുകൾ ലഭ്യമാക്കി വരികയാണ്. വനിതാ സംവരണം ഉറപ്പാക്കുന്ന -നാരീ ശക്തി വന്ദൻ അധിനിയം - വനിതാ ശാക്തീകരണത്തിന്റെ പുതിയ യുഗത്തിന് തുടക്കമിട്ടതായും അവർ പറഞ്ഞു.

75-ാം ഭരണഘടനാ വാർഷിക ദിനത്തിൽ ന്യൂഡൽഹിയിലെ പഴയ പാർലമെന്റ് മന്ദിരത്തിൽ ലോക്സഭയുടെയും രാജ്യസഭയുടെയും സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അവർ. 75-ാം ഭരണഘടനാ സ്മരണികാ നാണയവും സ്റ്റാമ്പും ഭരണഘടനയുടെ സംസ്കൃത മൈഥിലി പതിപ്പുകളും ഏതാനും ഗ്രന്ഥങ്ങളും രാഷ്ട്രപതി പ്രകാശനം ചെയ്തു.

തുടർന്ന് രാഷ്ട്രപതി ഭരണഘടനയുടെ ആമുഖം സംയുക്ത സമ്മേളനത്തിൽ വായിച്ചു. ചടങ്ങിൽ പങ്കെടുത്ത എല്ലാവരും ആമുഖ വായനയിൽ പങ്കെടുത്തു.

✪✪✪

രാജ്യത്തിന്റെ ഭരണഘടനാ ദിനത്തിൽ എല്ലാ പൗരന്മാർക്കും പ്രധാനമന്ത്രി നരേന്ദ്ര മോദി ആശംസ നേർന്നു. രാജ്യത്തിന്റെ വഴികാട്ടിയാണ് ഭരണഘടനയെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

✪✪✪

സുപ്രീം കോടതിയിലെ ഭരണഘടനാ ദിനാഘോഷ പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി വൈകിട്ട് പങ്കെടുക്കും. ചടങ്ങിനെ അഭിസംബോധന ചെയ്യുന്ന പ്രധാനമന്ത്രി 2023-24 ലെ ഇന്ത്യൻ ജുഡീഷ്യറി വാർഷിക റിപ്പോർട്ടും പ്രകാശനം ചെയ്യും. ചീഫ് ജസ്റ്റിസ്, ജസ്റ്റിസ് സഞ്ജീവ് ഖന്ന, നിയമ മന്ത്രി അർജുൻ റാം മെഘ് വാൾ, ജഡ്ജിമാർ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുക്കും.

✪✪✪

ലോക രാഷ്ട്രീയ നേതൃ സ്ഥാനത്തേക്ക് ഉയരാനും, ഉജ്വല ജനാധിപത്യ രാജ്യമായി മാറാനും ഇന്ത്യയെ സഹായിച്ചത് ഭരണഘടനയാണെന്ന് സുപ്രീംകോടതി ചീഫ് ജസ്റ്റിസ്, ജസ്റ്റിസ് സഞ്ജീവ് ഖന്ന പറഞ്ഞു. സുപ്രീംകോടതി ബാർ അസോസിയേഷൻ സംഘടിപ്പിച്ച ഭരണഘടനാ ദിനാചരണ ചടങ്ങിൽ സംസാരിക്കുകയായിരുന്നു ചീഫ് ജസ്റ്റിസ്.

✪✪✪

2008 നവംബർ 26-ന് മുംബൈയിലുണ്ടായ ഭീകരാക്രമണത്തിൽ, ജീവൻ നഷ്ടപ്പെട്ട ധീരഹൃദയർക്ക് രാഷ്ട്രപതി ദ്രൗപതി മുർമു ആദരാഞ്ജലി അർപ്പിച്ചു. രാജ്യത്തെ സംരക്ഷിക്കുന്നതിനൊപ്പം പരമമായ ത്യാഗം സഹിച്ച ധീരരായ സുരക്ഷാ ഉദ്യോഗസ്ഥരോട് രാജ്യം കടപ്പെട്ടിരിക്കുന്നുവെന്ന് രാഷ്ട്രപതി സമൂഹ മാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪

സഹകരണ ബാങ്കുകളെ ശക്തിപ്പെടുത്തുന്നതിനും ജനങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കുന്നതിനും ഗവൺമെന്റ് നിരവധി പരിഷ്കരണങ്ങൾ കൊണ്ടുവന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഇന്നലെ ആഗോള സഹകരണ ഉച്ചകോടി ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രധാനമന്ത്രി.

ഇന്ത്യയുടെ ഭാവി വളർച്ചയിൽ സഹകരണ സ്ഥാപനങ്ങൾക്ക് വലിയ പങ്കുണ്ടെന്നും ഇവ മികച്ച മാതൃക മാത്രമല്ല, ഇന്ത്യയുടെ സംസ്കാരത്തിന്റെ അടിത്തറ കൂടിയാണെന്നും നരേന്ദ്ര മോദി പറഞ്ഞു.

✪✪✪

ഇന്ന് ദേശീയ ക്ഷീരദിനം. ന്യൂഡൽഹിയിൽ പ്രത്യേക ക്ഷീരദിനാഘോഷ പരിപാടികൾ ഒരുക്കിയിട്ടുണ്ട്. പാലുൽപാദനത്തിൽ ഇന്ത്യയെ സ്വയംപര്യാപ്തതയിലേക്ക് കൈപിടിച്ചുയർത്തിയ ധവളവിപ്ലവത്തിന് നേതൃത്വം നൽകിയ വർഗീസ് കുര്യന്റെ ജന്മദിനമാണ് രാജ്യം ക്ഷീരദിനമായി ആചരിക്കുന്നത്. അദ്ദേഹത്തിന്റെ 103-ാം ജന്മദിനമാണ് ഇന്ന്. ദിനാചരണത്തിന്റെ ഭാഗമായി രാജ്യത്തുടനീളം വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

തൃശൂർ നാട്ടിക ലോറി അപകടത്തിൽ ഗതാഗത കമ്മീഷണറുടെ പ്രാഥമിക റിപ്പോർട്ട് ലഭിച്ചെന്നും വാഹനത്തിന്റെ രജിസ്ട്രേഷൻ

റദ്ദാക്കുമെന്നും മന്ത്രി KB ഗണേഷ്കുമാർ പറഞ്ഞു.. സംഭവം ദൗർഭാഗ്യകരമാണെന്ന് മന്ത്രി തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ലോറിയുടെ രജിസ്ട്രേഷനും പെർമിറ്റും ഡ്രൈവറുടെ ലൈസൻസും റദ്ദാക്കും. ഡ്രൈവറുടെ ലൈസൻസും ലോറിയുടെ രജിസ്ട്രേഷനും നിലവിൽ സസ്പെൻഡ് ചെയ്തിട്ടുണ്ട്. ലോറിയോടിച്ചത് ലൈസൻസില്ലാത്ത ക്ളീനറാണ്. ഡ്രൈവറും ക്ലീനറും മദ്യപിച്ചിരുന്നെന്നും, ഇരുവർക്കുക്കെതിരെ കർശന നടപടിയെടുക്കുമെന്നും മന്ത്രി പറഞ്ഞു.

മോട്ടോർ വാഹന വകുപ്പ് അടുത്ത ആഴ്ച മുതൽ രാത്രികാല വാഹന പരിശോധന ശക്തമാക്കും. പരിശോധനയിൽ മദ്യപിച്ച് വാഹനങ്ങൾ ഓടിക്കുന്നവരെ പിടികൂടും. നിയമലംഘനം പിടികൂടാൻ ഡ്രോൺ ഉപയോഗിക്കും. ആളുകളെ റോഡരികിൽ കിടന്ന് ഉറങ്ങാൻ സമ്മതിക്കില്ലെന്നും മന്ത്രി അറിയിച്ചു .

✪✪✪

കോട്ടയത്ത് നാട്ടകം ഇന്ത്യാപ്രസ്സ് വളപ്പിൽ നിർമ്മിച്ച അക്ഷരം മ്യൂസിയത്തിന്റെ ഒന്നാം ഘട്ടം ഉച്ചകഴിഞ്ഞ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ ലെറ്റർ ടൂറിസം സർക്യൂട്ട് പദ്ധതിയും അദ്ദേഹം പ്രഖ്യാപിക്കും.

ഇന്ത്യയിലെ ആദ്യ ഭാഷ-സാഹിത്യ-സാംസ്കാരിക മ്യൂസിയമാണ് നാട്ടകത്തേത്. നാല് ഘട്ടങ്ങളിലായാണ് അക്ഷരം മ്യൂസിയത്തിന്റെ നിർമ്മാണം പൂർത്തിയാകുന്നത്.

സഹകരണവകുപ്പും സാഹിത്യപ്രവർത്തക സഹകരണസംഘവും സംയുക്തമായി ഏർപ്പെടുത്തിയ അഞ്ചാമത് അക്ഷരപുരസ്കാരം M. മുകുന്ദന് ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ സമർപ്പിക്കും. മന്ത്രി VN വാസവന്റെ അധ്യക്ഷതയിലാണ് പരിപാടി.

✪✪✪

കരകൗശല മേഖലയിൽ കേരള ബ്രാൻഡ് ഉത്പ്പന്നങ്ങൾ നിർമിക്കുന്ന പ്രത്യേക പദ്ധതിക്ക് ബജറ്റിൽ ഉൾപ്പെടുത്തി സഹായം നൽകുമെന്ന് മന്ത്രി K.N ബാലഗോപാൽ പറഞ്ഞു. കേരള കരകൗശല വികസന കോർപറേഷന്റെ 'കൈരളി' കൊല്ലം ഷോറൂം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

കൊച്ചിയിലെ BJP നേതൃയോഗം പാലക്കാട്ടെ തോൽവിയല്ല ചർച്ച ചെയ്യുന്നതെന്ന് സംസ്ഥാന പ്രസിഡണ്ട് K സുരേന്ദ്രൻ പറഞ്ഞു. പാർട്ടിയുടെ സജീവാംഗത്വവും കാമ്പയിനും ഉൾപ്പെടെ വിഷയങ്ങളാണ് സമ്മേളനത്തിലെ അജണ്ടയെന്നും സുരേന്ദ്രൻ അറിയിച്ചു.

✪✪✪

അയ്യപ്പഭക്തരോട് ഒരു കാരണവശാലും അപമര്യാദയായി പെരുമാററുതെന്ന് പൊലീസിന് ഹൈക്കോടതി കർശന നിർദ്ദേശം നൽകി. തിരക്ക് നിയന്ത്രിക്കാൻ വടി എടുക്കാൻ പാടില്ല. പതിനെട്ടാം പടിയിൽ നിന്ന് പോലീസ് ഉദ്യോഗസ്ഥർ മൊബൈൽ ഫോൺ ഉപയോഗിച്ച് ഫോട്ടോ എടുത്ത സംഭവം അംഗീകരിക്കാനാകില്ലെന്നും കോടതി വ്യക്തമാക്കി.എക്സിക്യൂട്ടീവ് ഓഫീസറോട് ഇതേപ്പറ്റി ഹൈക്കോടതി റിപ്പോർട്ട് ആവശ്യപ്പെട്ടു.

ശബരിമലയിൽ തീർത്ഥാടകരിൽ നിന്ന് അമിത വില ഈടാക്കുന്ന കടകൾക്കെതിരെ നടപടിയെടുക്കാനും കോടതി നിർദേശിച്ചു. നിശ്ചിത ഇടവേളകളിൽ പരിശോധന നടത്താൻ സന്നിധാനത്തെ എക്സിക്യൂട്ടീവ് ഓഫീസർമാരോട് കോടതി ആവശ്യപ്പെട്ടു.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് മുംബൈ സിറ്റി FC പഞ്ചാബിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് മുംബൈയിലാണ് മത്സരം.ഇന്നലെ ഹൈദരബാദിലെ മത്സരത്തിൽ എതിരില്ലാത്ത ആറ് ഗോളുകൾക്ക് ഒഡീഷ FC ഹൈദരാബാദിനെ പരാജയപ്പെടുത്തി.

✪✪✪

കോഴിക്കോട് മെഡിക്കൽ കോളേജ് അലുമ്നി യും ചെസ്റ്റ് ഹോസ്പിറ്റലും സംയുക്തമായി All Kerala Medicos Cricket Tournament ഈ മാസം 30,അടുത്ത മാസം ഒന്ന് തീയ്യതികളിൽ കോഴിക്കോട്ട് സംഘടിപ്പിക്കും. ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്നവർ കായികമേഖലയെ പിന്തുണക്കേണ്ട ആവശ്യകത ഉൾക്കൊണ്ടാണ്, മെഡ് ക്രിക്കറ്റ് ലീഗ് സീസൺ -2 സംഘടിപ്പിക്കുന്നതെന്ന് ഭാരവാഹികൾ വാർത്ത സമ്മേളനത്തിൽ പറഞ്ഞു.

✪✪✪

സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ 29-ാമത് കേരള രാജ്യാന്തര ചലചിത്ര മേളയോടനുബന്ധിച്ച് ടൂറിംഗ് ടാക്കീസ് വിളംബര ജാഥ നാളെ കാസർകോട് കയ്യൂരിൽ നിന്ന് ആരംഭിക്കും. കയ്യൂർ ഗവ.

വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ കാസർകോഡ് ജില്ലയിലെ സിനിമാ പ്രവർത്തകരായ PP കുഞ്ഞികൃഷ്ണൻ, C ഷുക്കൂർ, ഉണ്ണിരാജ് ചെറുവത്തൂർ, രാജേഷ് അഴീക്കോടൻ, ചിത്ര നായർ, രജീഷ് പൊതാവൂർ, അമീർ പള്ളിക്കൽ തുടങ്ങിയവരെ ആദരിക്കും.

✪✪✪

കണ്ണൂരിനെ ഹരിത ശുചിത്വ ജില്ലയാക്കി മാറ്റുന്നതിന് തീവ്രകർമ്മ പദ്ധതികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ.

.....(വോയ്സ്)...........

✪✪✪

കാസർകോഡ് റവന്യൂജില്ലാ സ്കൂൾ കലോത്സവം ഉദിന്നൂർ ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ ആരംഭിച്ചു. ശനിയാഴ്ച വരെ നീളുന്ന കലോത്സവത്തിൽ ഏഴ് ഉപജില്ലകളിൽ നിന്ന് 316 ഇനങ്ങളിലായി ആറായിരത്തോളം വിദ്യാർത്ഥികൾ മത്സരിക്കും.

✪✪✪

മലപ്പുറം റവന്യൂ ജില്ലാ കലോത്സവത്തിന് ഇന്ന് കോട്ടക്കലിൽ തിരി തെളിയും. 315 ഇനങ്ങളിലായി പതിനായിരത്തിലധികം വിദ്യാർത്ഥികൾ കലോത്സവത്തിൽ മത്സരിക്കും.

കോട്ടക്കൽ ഗവ. രാജാസ് ഹയർ സെക്കണ്ടറി സ്കൂളിലും കോട്ടൂർ AKM ഹയർ സെക്കൻഡറി സ്കൂളിലുമായി ഈ മാസം 30 വരെയാണ് കലോത്സവം. വൈകിട്ട് വൈകീട്ട് എം പി അബ്ദുസമദ് സമദാനി എം പി മേള ഉദ്ഘാടനം ചെയ്യും.

✪✪✪